"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കോട്ടയം നഗരസഭ 11.06.2024 ൽ ചേർന്ന കൗൺസിൽ യോഗത്തിലെ 20-ാം നമ്പർ അജണ്ടയിലെ തീരുമാനം താൽക്കാലികമായി തടഞ്ഞുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1838/2024/LSGD തീയതി,തിരുവനന്തപുരം, 03-10-2024

---

പരാമർശം:-

1. 2003 -ലെ പഞ്ചായത്ത് രാജ് ആക്ട് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽ സ്വീകരിക്കേണ്ട നടപടി ക്രമം)
2. 11.06.2024 ൽ നടന്ന സാധാരണയോഗത്തിലെ 20-ാം നമ്പർ അജണ്ടയുടെ കൗൺസിൽ തീരുമാനം
3. നഗരസഭാ കൗൺസിലർ ജോസ് പള്ളിക്കുന്നേൽ 12/06/2024 ൽ സമർപ്പിച്ച വിയോജനക്കുറിപ്പ്
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള 11.07.2024 ലെ LSGD/PD/24327/2024/AR4 നം. കത്ത്

**ഉത്തരവ്**

കോട്ടയം നഗരസഭയിൽ 2023-24 വാർഷിക പദ്ധതി പ്രകാരം പൂർത്തീകരിക്കാൻ സാധിക്കാത്തതും, 2024-25 വാർഷിക പദ്ധതിയിൽ കൂടേണ്ടതുമായ സ്പിൽ ഓവർ പ്രോജക്ടുകളുടെ ലിസ്റ്റ് അതാത് മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ലഭ്യമാക്കിയിട്ടുള്ളതും, ബന്ധപ്പെട്ട സ്റ്റാന്റിംഗ് സ്റ്റാന്റിംഗ് കമ്മിറ്റികൾ അംഗീകരിച്ചിട്ടുള്ളതുമായ സ്പിൽ ഓവർ പദ്ധതികളുടെ ലിസ്റ്റ് കൗൺസിൽ അംഗങ്ങൾ യോഗത്തിൽ ഉന്നയിച്ചിട്ടുള്ള ഭേദഗതികളോടെ പരാമർശം (2) പ്രകാരം തീരുമാനം കൈകൊള്ളുകയുണ്ടായി. മേൽ തീരുമാനം നിയമവിരുദ്ധമായതിനാൽ പരാമർശം (3) പ്രകാരം വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അപേക്ഷിക്കുകയുണ്ടായി.

ടി വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ പരാമർശം (1) ലെ ചട്ടം 191 (2) ൽ പറയും പ്രകാരം, വിഷയം 271-ജി പ്രകാരം രൂപീകരിച്ച ഓംബുഡ്സ്മാന്റെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതായതിനാൽ, ചട്ടം 191(4) പ്രകാരം സർക്കാരിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ കോട്ടയം നഗരസഭയുടെ 11.06.2024 തീയതിയിലെ 20-ാം നമ്പർ അജണ്ടയിലെ തീരുമാനം

നടപ്പാക്കുന്നത് താൽക്കാലികമായി തടഞ്ഞുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAJI T R
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
സെക്രട്ടറി, കോട്ടയം നഗരസഭ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ( LSGD-DB1/296/2024-LSGD

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 03-10-2024 12:40:54